# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തഴക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7-1408/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 21/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തഴക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7-1408/2023 തീയ്യതി: 21/12/2023

# ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2023 | 30-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2023 | 30-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ(ഹ.ഗ്രേ.)
ശ്രീമതി സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.മനേഷ് കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ഷീബ സതീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഗോപകുമാർ.എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നിബിൻ.പി.എം. | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി.രഞ്ചു.എസ്സ് | കൃഷി ഓഫീസർ | 30-07-2022 | 09-11-2022 |
| ശ്രീമതി.സുനിത.പി.ജെ | കൃഷി ഓഫിസർ (ചാർജ്ജ്) | 10-11-2022 | 14-12-2022 |
| ശ്രീ. അനിൽകുമാർ.എം.വി | കൃഷി ഓഫീസർ | 15-12-2022 | 31-03-2023 |
| ഡോ.മഞ്ചു | വെറ്ററിനറി സർജൻ | 01-04-2022 | 25-09-2022 |
| ഡോ.രേണു.കെ.രാജ് | വെറ്ററിനറി സർജൻ | 26-09-2022 | 31-03-2023 |
| ശ്രീമതി .രമ്യ രമേശ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.വിദ്യ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 04-11-2022 |
| ഡോ.ജോജി പാപ്പി ജോർജ്ജ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 05-11-2022 | 31-03-2023 |
| ഡോ.മനു.വി.കെ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ജെസ്സി മാത്യൂസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.സുമ തോമസ്സ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.മോഹൻദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 18-10-2022 |
| ശ്രീമതി.ശാന്തകുമാരി.ജി | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ശ്രീമതി.റിഷി.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിത.വി | ഹെഡ്മിസ്ട്രസ് | 01-04-2022 | 27-06-2022 |
| ശ്രീ.മണികുട്ടൻ.കെ | ഹെഡ് മാസ്റ്റർ | 28-06-2022 | 10-08-2022 |
| ശ്രീമതി.സന്ധ്യ സോമൻ | ഹെഡ്മിസ്ട്രസ് | 11-08-2022 | 31-03-2023 |
| ശ്രീ.യദു ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജോൺസൺ ഫിലിപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

19-10-2022 മുതൽ 24-10-2022 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവ്

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുകകളിൽ വ്യത്യാസം | 1-1-2 |
| 4 | ഫിക്സഡ് ഇൻവെസ്റ്റ്മന്റ്- ഇൻകം ഫ്രം ഇൻവെസ്റ്റ്മന്റ് അക്കൗണ്ട് ചെയ്യുന്നില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ -ബി7 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്റർ ക്യത്യമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക അവലോകനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 13 | ക്ഷേമ പദ്ധതി | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത-അവലോകനം | 1-10 |
| 16 | ഓഡിറ്റ് ഇംപാക്ട് - ആദായനികുതി ഒടുക്കി | 1-11 |
| 17 | കേന്ദ്രീകൃത ശീതികരണ സംവിധാനമുള്ള കെട്ടിടങ്ങൾക്കു ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയില്ല | 1-12 |
| 18 | പാർപ്പിടാവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിൽ സഹകരണബാങ്ക് പ്രവർത്തിക്കുന്നു | 1-13 |
| 19 | വസ്തു നികുതി പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയില്ല | 1-14 |
| 20 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തുന്നില്ല | 1-15 |
| 21 | ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |
| 22 | വാടക ഇനത്തിൽ ഭീമമായ കുടിശ്ശിക | 1-17 |
| 23 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയില്ല - വസ്തു നികുതി നിർണ്ണയത്തിൽ കുറവ് | 1-18 |
| 24 | വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ മേൽത്തരംതറ നിർമ്മിതിക്കനുസൃതമായി നികുതി ചുമത്തിയില്ല | 1-19 |
| 25 | മൃഗാശുപത്രി കെട്ടിടം പൊളിച്ചു നീക്കൽ - ലേല നടപടികൾ സ്വീകരിച്ചില്ല | 1-20 |
| 26 | കന്നിമേൽ കുടിവെള്ള പദ്ധതി-വാട്ടർ അതോറിറ്റിയിൽ 1,44,48,000/- രൂപയുടെ മുടങ്ങി കിടക്കുന്ന നിക്ഷേപം-തുടർ നടപടികൾ അനിവാര്യം | 1-21 |
| 27 | പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക നിവാരണം പുരോഗമിക്കുന്നു. പണം അടച്ചിട്ടും ഉപയോഗശൂന്യമായ ടാപ്പുകൾ പൂർണ്ണമായി വിശ്ചേദിക്കപ്പെട്ടിട്ടില്ല | 1-22 |
| 28 | ഇ.എം.എസ്. വാഴ്ച തുകയ്ക്ക് ലഭിച്ച പലിശ - തുടർ നടപടികൾ അനിവാര്യം | 1-23 |
| 29 | കാർഷിക വിത്തിനങ്ങൾ -വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 30 | സമഗ്ര നെൽക്കൃഷി വികസനം - രേഖകൾ ലഭ്യമാക്കിയില്ല | 1-25 |
| 31 | ഹരിത സഹായ സ്ഥാപനം - പ്രവർത്തനം കാര്യക്ഷമമല്ല | 1-26 |
| 32 | ആദായനികുതി, ചരക്ക് സേവന നികുതി കുറവ് ചെയ്തതിൽ ന്യൂനത | 1-27 |
| 33 | മരുന്നും ഓക്സിജൻ കോൺസന്റേറ്ററും പൂർണ്ണമായി ലഭ്യമായില്ല | 1-28 |

| | | |
|---|---|---|
| 34 | അങ്കണവാടികൾ നിർമ്മിക്കുന്നതിനു ലഭിച്ച സ്ഥലം പേരിൽകൂട്ടിയിട്ടില്ല | 1-29 |
| 35 | അസറ്റ് രജിസ്റ്റർ- കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നില്ല | 1-30 |
| 36 | ലൈഫ് -ഭൂമി വാങ്ങൽ -വസ്തു പോക്കുവരവ് നടത്തിയിട്ടില്ല | 1-31 |
| 37 | വീട് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 38 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-33 |
| 39 | വയോജനങ്ങൾക്ക് കട്ടിൽ - നിരാലംബത്വം ഉറപ്പാക്കാതെ ആനുകൂല്യം നൽകി | 1-34 |
| 40 | നിക്ഷേപ പ്രവൃത്തികൾ - പണി പൂർത്തിയായില്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-35 |
| 41 | ലൈഫ് പദ്ധതി - അവലോകനം | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്ട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ മാറ്റം വരുത്തുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്ട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ 2023-24 മുതൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2023-ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 -ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തഴക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോൾ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തഴക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-2 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുകകളിൽ വ്യത്യാസം

ബാലൻസ് ഷീറ്റ്-ബി-11(B) പ്രകാരമുള്ള ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 5,29,820/-രൂപയാണ്. എന്നാൽ തൻവർഷം വിവിധ ഫണ്ടുകളിൽ നിന്ന് പാർട്ട് ബിൽ പേയ്മെന്റ് നടത്തിയിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനിയറുടെ കണക്ക് അനുസരിച്ച് 17,19,207/-രൂപയാണ് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്. 11,89,387/-രൂപയുടെ വ്യത്യാസം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.25 തീയതി 29.11.2023) ലഭ്യമാക്കിയ മറുപടിയിൽ, അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ള തുക 5,29,820/-രൂപയാണെന്നും മെയിന്റനൻസ് ഫണ്ട് റോഡിൽ നിന്നുള്ള ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഒഴിവാക്കിയാണ് കണക്ക് നൽകിയിട്ടുള്ളതെന്നും അറിയിച്ചു.

## 1-1-3 ഫിക്സഡ് ഇൻവെസ്റ്റ്മന്റ്- ഇൻകം ഫ്രം ഇൻവെസ്റ്റ്മന്റ് അക്കൗണ്ട് ചെയ്യുന്നില്ല

ബാലൻസ് ഷീറ്റ് ബി-12 പ്രകാരം 10,000,000/- രൂപയാണ് ഗ്രാമ പഞ്ചായത്തിന്റെ ഫിക്സഡ് ഇൻവെസ്റ്റ്മന്റ്. എന്നാൽ 180 ദിവസത്തെ നിക്ഷേപത്തിന് ശേഷം ലഭിക്കുന്ന മെച്യൂരിറ്റി വാല്യു ഉൾപ്പടെയുള്ള തുക ഫിക്സഡ് ഇൻവെസ്റ്റ്മന്റായി മാറ്റുകയോ, ഇതിൽ നിന്നും ലഭിക്കുന്ന പലിശ ഇൻകം ഫ്രം ഇൻവെസ്റ്റ്മന്റ് എന്ന ഹെഡ്ഡിൽ പ്രത്യേകം അക്കൗണ്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ബാങ്കിൽ നിന്നും ലഭിക്കുന്ന പലിശയിൽ ഉൾപ്പെടുത്തിവരുകയാണ് ചെയ്യുന്നതെന്ന് ഓഡിറ്റ് എൻകയറി നം.25 തീയതി 29.11.2023 നുള്ള മറുപടിയിൽ വ്യക്തമാക്കി. നിക്ഷേപത്തിന് ശേഷം ലഭിക്കുന്ന മെച്യൂരിറ്റി വാല്യു ഉൾപ്പടെയുള്ള തുക ഫിക്സഡ് ഇൻവെസ്റ്റ്മന്റായി മാറ്റുകയോ, ഇതിൽ നിന്നും ലഭിക്കുന്ന പലിശ ഇൻകം ഫ്രം ഇൻവെസ്റ്റ്മന്റ് എന്ന ഹെഡ്ഡിൽ പ്രത്യേകം അക്കൗണ്ട് ചെയ്യുകയോ ചെയ്യേണ്ടതാണ്.

## 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ -ബി7 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻ വർഷത്തെ നീക്കിയിരിപ്പ് ഉൾപ്പടെയുള്ള കണക്ക് തയ്യാറാക്കി സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആകയാൽ ബാലൻസ് ഷീറ്റ് ബി- 7 പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-5 അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തിനാൽ ബാലൻസ് ഷീറ്റ് ബി-18 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33,82,30,708 | 33,57,45,593 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ പത്രിക) | 19,34,02,259 | 22,60,06,163 |

## 1-3 സാമ്പത്തിക അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 1,97,81,940 |
| വരവ് | 5,69,25,648 |
| ആകെ | 7,67,07,588 |
| ചെലവ് | 5,82,06,077 |
| നീക്കിയിരിപ്പ് | 1,85,01,511 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സോഫ്റ്റ് ഡിഡക്ഷൻ ഉൾപ്പടെ) | ആകെ | ചെലവ്(സോഫ്റ്റ് ഡിഡക്ഷൻ ഉൾപ്പടെ) | നീക്കിയിരുപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 2,38,44,000 | 2,38,44,000 | 2,25,13,148 | 13,30,852* |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 1,45,60,810 | 1,45,60,810 | 1,44,57,046 | 1,03,764* |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 96,99,700 | 96,99,700 | 69,90,140 | 27,09,560* |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 72,17,000 | 72,17,000 | 66,92,125 | 5,24,875* |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 27,51,000 | 54,69,074 | 82,20,074 | 57,76,871 | 24,43,203 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്(ട്രഷറി) | | 38,142 | 38,142 | 30,756 | 7,386* |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 2,18,684 | 39,15,667 | 41,34,351 | 40,63,594 | 70,757 |

* ലാപ്സായ തുക

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 19,98,37,470 | 141 | 8,80,60,469 | 6 | 50 | 71.57% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8,029 | 10,83,460 | 10,91,489 | 00 | 1,091,489 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 2,56,41,238 | 2,56,41,238 | 2,56,41,238 | 00 |
| ആകെ | 8,029 | 2,67,24,698 | 2,67,32,727 | 2,56,41,238 | 10,91,489 |

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.23-ൽ 3-00 പി.എം.ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,203/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതി

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 49,86,500 | 392 |
| വിധവാപെൻഷൻ | 1,62,62,200 | 1355 |
| വാർദ്ധക്യകാലപെൻഷൻ | 4,21,71,200 | 3632 |
| വികലാംഗപെൻഷൻ | 48,81,200 | 398 |
| അവിവാഹിതപെൻഷൻ | 7,84,400 | 66 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം താഴെ ചേർക്കുന്ന കാര്യങ്ങളിലൊഴികെ കാര്യക്ഷമമാണ്.

1)പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിൽ കൃത്യത പുലർത്തുന്നില്ല. റോഡ് കോൺക്രീറ്റിഗ് പോലുള്ള എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. നിലവിലുള്ള ആസ്തികളുടെ വിസ്തൃതിയിൽ വരുന്ന വ്യതിയാനങ്ങൾ അപ്ഡേറ്റ് ചെയ്യുന്നില്ല. അങ്കണവാടികൾ നിർമ്മിക്കുന്നതിനായി ലഭിക്കുന്ന സ്ഥലങ്ങൾ യഥാസമയം പേരിൽകൂട്ടി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നില്ല.

2)പദ്ധതി ഫയലുകളൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ചെയ്യുന്നില്ല. പദ്ധതികൾ യഥാസമയം മോണിട്ടറിംഗ് ചെയ്യേണ്ടത് അതാത് മേഖലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

3)പഞ്ചായത്ത് ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ ഓഡിറ്റ്

വർഷത്തെ കണക്കുകൾ രേഖപ്പെടുത്തി പോകുന്നുവെങ്കിലും മുൻവർഷങ്ങളിലെ കണക്കുകൾ ഇനം തിരിച്ച് രേഖപ്പെടുത്തി സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4)നിലവിൽ ഒരു കോടി രൂപ ഇൻവെസ്റ്റ്മന്റ് പഞ്ചായത്തിനുണ്ട്. എന്നാൽ ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത-അവലോകനം

### നികുതി വരുമാനം

വസ്തുനികുതി, തൊഴിൽ എന്നിവയാണ് നികുതിയിനത്തിലുള്ള പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. അവ പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ വ്യത്യാസത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | 2021-22 | | 2022-23 | | | |
|---|---|---|---|---|---|---|
| വരവിനം | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ | വർദ്ധനവ് | കുറവ് |
| വസ്തുനികുതി -പാർപ്പിടം | 43,09,758 | 40,66,129 | 45,36,576 | 44,80,486 | 4,14,357 | -- |
| വസ്തുനികുതി - പാർപ്പിടേതരം | 26,71,871 | 24,15,051 | 28,92,327 | 27,03,797 | 2,88,746 | -- |
| തൊഴിൽ നികുതി- ജീവനക്കാർ | 18,57,310 | 18,57,310 | 20,18,153 | 19,99,403 | | |